# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5969 — 19/11/2019-ൽ മറുപടിക്ക്

### ഹൈമാസ്റ്റ്/ലോ മാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി.** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിൽ എം.എൽ.എ ആസ്തി വികസന പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ച ഹൈമാസ്റ്റ്/ലോ മാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കെ.എസ്.ഇ.ബി കാലതാമസം വരുത്തിയത് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | കാലതാമസം വരുത്തിയിട്ടില്ല. വള്ളിക്കുന്ന് മണ്ഡലത്തിൽ വള്ളിക്കുന്ന സെക്ഷനിൽ എം.എൽ.എ ആസ്തി വികസന പദ്ധതി പ്രകാരം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 06.03.2019 ന് ECSC ചാർജ് അടക്കുകയും 07.03.2019 ന് കണക്ഷൻ നൽകുകയും, ഇതേ പദ്ധതി പ്രകാരം ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 19.10.2019 ന് ECSC ചാർജ് അടക്കുകയും 21.10.2019 ന് 5 ലോമാസ്റ്റ് ലൈറ്റുകൾക്ക് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ബഹു. എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കടലുണ്ടി സെക്ഷനിൽ സ്ഥാപിച്ച ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾക്ക്, ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06.10.2019 ലെ അപേക്ഷ പ്രകാരം, 7 സ്ഥലങ്ങളിൽ സ്ഥാപിച്ച ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾക്ക് 10.10.2019 ന് കണക്ഷൻ നൽകുകയുണ്ടായി.<br><br>എന്നാൽ പുള്ളിക്കടവ് പാലം, പാറയിൽ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ച ലൈറ്റുകൾക്ക് കൊടുത്ത കണക്ഷനുകൾ താത്കാലികമായി വിച്ഛേദിക്കണമെന്ന്, 11.10.2019 ന് ചേർന്ന പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശത്തെ തുടർന്ന് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയുണ്ടായി. 15.10.2019 ന് മേൽ വൈദ്യുതി കണക്ഷനുകൾ പുനസ്ഥാപിക്കുവാനുള്ള ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശത്തെ തുടർന്ന് ആയത് 16.10.2019 ന് പുനസ്ഥാപിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കണക്ഷൻ നൽകിയ സ്ഥലങ്ങളിൽ, നൽകിയ കണക്ഷൻ കെ.എസ്.ഇ.ബി. ഡിസ്കണക്റ്റ് ചെയ്തിരുന്നുവോ; | | |
| (സി) | ഉണ്ടെങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ